# ആവാസവ്യവസ്ഥാ മനുഷ്യരോട് വികസനം ചെയ്യുന്നതെന്ത്?

ഡോ.കെ.എച്ച്. അമിതാബച്ചൻ

പൊതുബോധം ഏപ്പോഴും ഉയർത്തുന്ന ഒരു ചോദ്യം 'ആദിവാസികൾക്കും വികസിക്കണ്ടേ?' എന്നതാണ്. മാനുഷികമായും സാമൂഹികമായും സാമ്പത്തികമായും പാരിസ്ഥിതികമായും വ്യക്തിക്കോ സമൂഹത്തിനോ ഉണ്ടാകേണ്ട 'പുരോഗതി'യെ ഈ 'വികസന' പൊതുബോധം പ്രതിനിധാനം ചെയ്യുന്നുണ്ടോ?

**ഒ**രുപക്ഷേ ജനിച്ച് വീഴുന്നത് മുതൽ കേട്ടുതുടങ്ങുന്നതും പിന്നീട് മനസ്സിലുറക്കുന്നതുമായ ഒരു പൊതുബോധമാണ് 'മനുഷ്യൻ' എന്നത് ഒരു നല്ല ജീവി അല്ല, എന്നും അത് പ്രകൃതിയുടെ ശത്രുവാണ് എന്നുള്ളതും. എന്നാൽ ഈ പൊതുബോധം മനസ്സിലുറക്കുമ്പോഴും ചുറ്റും കാണുന്ന പല മനുഷ്യരും പ്രകൃതിവിരുദ്ധരാണെന്ന് തോന്നിയിരുന്നില്ല. കടൽത്തീരത്തെ മത്സ്യത്തൊഴിലാളിയും ആദിവാസിയും ഭക്ഷണം വിളയിക്കുന്ന കർഷകനും എന്ന് വേണ്ട വീട്ടിലെ അമ്മൂമ്മയും അപ്പൂപ്പനും തെരുവിൽ മാലിന്യം പെറുക്കിവിൽക്കുന്നവരും ഒന്നും 'ഇവർ പ്രകൃതി വിരുദ്ധരാണെന്ന് കാർബൺ വികിരണത്തിന്റെയും ഊർജ്ജവിനിമയത്തിന്റെയും ജൈവസാംസ്കാരിക ബന്ധത്തിന്റെയും കണക്കുകൾ എടുത്താലും തെളിയിക്കാൻ കഴിയുന്നില്ല'. എന്നാൽ ഭൂമിയേയും വിഭവങ്ങളെയും എല്ലാ ആവാസവ്യൂഹങ്ങളെയും സംരക്ഷിക്കുന്നു എന്നുപറയുന്ന സർക്കാരും വന-പരിസ്ഥിതി- മലിനീകരണ നിയന്ത്രണ ബോർഡ് അടക്കമുള്ള വകുപ്പുകളും ലോക വന്യജീവി നിധി അടക്കമുള്ള സംഘടനകളും പൊതുബോധത്തിനപ്പുറം പരിശോധിക്കപ്പെടുമ്പോൾ പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് കാരണമാവുന്നു എന്ന വൈരുദ്ധ്യാത്മകതയിലാണ് നേരത്തെ പറഞ്ഞ പൊതുബോധം നിൽക്കുന്നത് എന്ന് കാണാം. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഗുജറാത്ത് സർക്കാരും പ്രധാനമന്ത്രിയും നിരവധി അണക്കെട്ടുകൾ നിർമ്മിച്ച്, ആയിരക്കണക്കിന് ഹെക്ടർ കൃഷിഭൂമി മുക്കികളഞ്ഞ്, പതിനായിരങ്ങളെ കുടിയൊഴിപ്പിച്ച്, ഇല്ലാതാക്കിയ നർമ്മദാ നദിയെ സംരക്ഷിക്കുന്നതിനുള്ള 'വിശ്വാസ്' മഹാമഹം (നർമ്മദാ സേവായാത്ര) കുറച്ച് നാളുകൾക്ക് മുമ്പ് കൊണ്ടാടിയത്. പൊതുബോധം എന്നത് എപ്പോഴും യാഥാർത്ഥ്യമാകണമെന്നില്ല. പ്രത്യേകിച്ച്, ഒരു മുതലാളിത്ത നവസമ്പദ്‌വ്യവസ്ഥയിൽ അത് ചില താത്പര്യങ്ങളാൽ സൃഷ്ടിക്കപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ യഥാർത്ഥത്തിൽ ആരാണ് പ്രകൃതിയെ സംരക്ഷിച്ചുപോരുന്നത് എന്നത് വസ്തുതകളെ ആധാരമാക്കി വിലയിരുത്തേണ്ടതുണ്ട്.

### ആവാസവ്യവസ്ഥാ മനുഷ്യൻ

ലോകത്തിലെ ഭൂരിപക്ഷം വരുന്ന മനുഷ്യരും പ്രകൃതിവിഭവങ്ങളെ നേരിട്ടാശ്രയിച്ചാണ് ജീവിക്കുന്നത്. മുതലാളിത്ത മൂലധന സമ്പദ്‌വ്യവസ്ഥയിൽപ്പോലും സമ്പന്നരും ഭരണവർഗ്ഗവും ഒഴിച്ചാൽ ബാക്കിവരുന്നവരുടെയെല്ലാം ജീവസന്ധാരണം പണം എന്ന ഒറ്റ മാർഗ്ഗത്തിൽക്കൂടി മാത്രമല്ല. മറിച്ച് ജീവസന്ധാരണത്തിനായി പല തരത്തിൽ പ്രകൃതിയെ നേരിട്ടാശ്രയിക്കുന്നതായി കാണാം. ലോകത്തിന്റെ ഭൂരിപക്ഷം വരുന്ന സാധാരണ കൃഷിക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും ദളിതരുടെയും ആദിവാസികളുടെയും ജീവിതത്തെ നിർണ്ണയിക്കുന്നതിൽ 'പണത്തിന്' വളരെ ചെറിയ പങ്ക് മാത്രമേയുള്ളൂ. പണത്തേക്കാൾ പ്രകൃതിയെ വ്യത്യസ്ത

അദ്ധ്യാപകൻ, ഡയറക്ടർ, പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷൻ, തൃശൂർ

മാർഗ്ഗത്തിലൂടെ നേരിട്ടാശ്രയിച്ചാണ്, അവരുടെ ജീവസന്ധാരണം സാദ്ധ്യമാകുന്നത്. അതുകൊണ്ടാണ് സാമ്പത്തിക മാന്ദ്യം വന്നപ്പോഴും നോട്ട് അസാധുവാക്കൽ വന്നപ്പോഴും ഇന്ത്യയിലെ പട്ടണങ്ങളിലെ കൂലിത്തൊഴിലാളികളും ഇടത്തരക്കാരും ഒഴികെ മറ്റുള്ളവരെ അത് കാര്യമായി ബാധിക്കാതിരുന്നത്. ഇത്തരത്തിലുള്ള മനുഷ്യരെ 1950 കളിൽ തന്നെ ആവാസവ്യവസ്ഥാ മനുഷ്യർ എന്നും മറ്റുള്ളവരെ സാങ്കേതിക മനുഷ്യർ എന്നും വിളിച്ചു. എന്നാൽ ഇന്ന് രണ്ട് തരത്തിലുള്ള മനുഷ്യരാണ് ഉള്ളത്. ഒന്ന്, പ്രകൃതിയെ വ്യത്യസ്ത മാനങ്ങളിലൂടെ നേരിട്ട് ആശ്രയിക്കുകയും പണം എന്ന മാദ്ധ്യമത്തെ വളരെ കുറച്ച് ആശ്രയിക്കുകയും ചെയ്യുന്ന ആവാസവ്യവസ്ഥാ മനുഷ്യർ. രണ്ട് ആധുനികതയുടെയും മുതലാളിത്തത്തിന്റെയും സന്തതിയായ പണം എന്ന ഒറ്റ മാനത്തെ മാത്രം കൂടുതലായി ആശ്രയിക്കുന്ന മുഖ്യധാരാ മനുഷ്യർ. ആവാസവ്യവസ്ഥാ മനുഷ്യരെ ആവാസപ്രകൃതിയുടെ അവിഭാജ്യഘടകമായിത്തന്നെ കാണണം. ലോകത്തിലെ ജൈവവൈവിദ്ധ്യത്തിൽ വലിയൊരംശത്തിന്റെ നിലനിൽപ്പ് ഇവരെ ആശ്രയിച്ചിരിക്കുന്നു. ഇത് വ്യക്തമാകണമെങ്കിൽ യഥാർത്ഥത്തിൽ വിഭവങ്ങൾ, വിത്തുകൾ, ജനിതകസമ്പത്ത് എന്നിവ സംരക്ഷിക്കുന്നത് ആരാണ് എന്ന് വിലയിരുത്തേണ്ടതുണ്ട്.

ഇന്ന് ഏറ്റവും വിവാദമായി കൊണ്ടിരിക്കുന്ന കന്നുകാലികളുടെ വൈവിദ്ധ്യം തന്നെയെടുക്കാം. ഇന്ത്യയിലുള്ള കന്നുകാലികളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നത് ആരാണ്. സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പോ ദേശീയ ജനിതക ബോർഡോ എന്നത് സൃഷ്ടിക്കപ്പെട്ട ഒരു സാമാന്യബോധം മാത്രമാണ്. യഥാർത്ഥത്തിൽ കന്നുകാലികളെ വളർത്തുന്ന ഓരോ കർഷകനുമാണ് അവയുടെ ജനിതക സമ്പത്തിനെ വൈവിദ്ധ്യവത്കരിക്കുന്നത്, സംരക്ഷിക്കുന്നത്. ഉദാഹരണമായി നിങ്ങളുടെ വീട്ടിൽ പശുവോ എരുമയോ മറ്റും ഉണ്ടെങ്കിൽ അച്ഛനും അമ്മയും അവയെ വളരെ കരുതലോടെ സംരക്ഷിക്കുന്നത് കാണാം. പശു പ്രസവിക്കുന്ന ദിവസം അച്ഛനും അമ്മക്കും ഉറക്കമുണ്ടാവില്ല. ഒരുപക്ഷേ വീട്ടിലെ ഒരംഗത്തിന്റെ അവസ്ഥപോലെ തന്നെയായിരിക്കും അത്. പ്രസവം കഴിഞ്ഞ് കുറച്ചു ദിവസം കഴിയുമ്പോൾ പശുക്കിടാവിന് അവകാശപ്പെട്ട പാലിന്റെ ഒരോഹരി നിങ്ങൾ കുടിക്കും , വിൽക്കും. പിന്നീട് പ്രായമായ കന്നുകാലിയെ കൊന്നുതിന്നും. തിന്നാത്തവർ അതിന്റെ തോലെടുക്കും. അതിനുശേഷം അതിന്റെ കുഞ്ഞുങ്ങളെ പിന്നെയും വളർത്തും. ഇത്തരം സംരക്ഷിക്കലും ആഹരിക്കലും ഉണ്ടാക്കുന്ന ബന്ധത്തിലൂടെയാണ് യഥാർത്ഥത്തിൽ ആവാസവ്യവസ്ഥകളും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കപ്പെടുന്നത്.

കന്നുകാലികളെ കൊല്ലാൻ പാടില്ല എന്ന നിരോധനത്തോടെ സംഭവിക്കാൻ പോകുന്നത് ഇന്ത്യയിലുള്ള കന്നുകാലികളുടെ ജൈവവൈവിദ്ധ്യം മുഴുവനും ഇല്ലാതാക്കുകയാണ്. ആരാധിക്കാൻ വേണ്ടി മാത്രം എത്രപേർ പശുവിനെ വളർത്തും? വികേന്ദ്രീകൃതമായി പശുവിനെ, ജൈവവൈവിദ്ധ്യത്തെ സംരക്ഷിച്ചുവന്നിരിന്ന ആളുകൾ പ്രത്യേകിച്ച്. പാലുത്പ്പന്നങ്ങൾ എന്നതുകൊണ്ട് മാത്രം ഇത് നിലനിർത്താൻ കഴിയാത്തതിനാൽ ഇതിന്റെ വിപണി മുഴുവൻ കുത്തക കമ്പനികൾ ഏറ്റെടുക്കും. ഇത് തദ്ദേശീയമായ പല കന്നുകാലി ഇനങ്ങളുടെയും അംഗസംഖ്യയും വൈവിദ്ധ്യവും ഇല്ലാതാക്കും. അശ്വത്തേയും (അശ്വമേധത്തിൽ) വന്ധ്യമായ പശുവിനേയും കാളയേയും (വരുണദേവൻ) മറ്റ് കന്നുകാലികളെയെല്ലാം ബലി നൽകിയിരുന്നവർ ബുദ്ധമതത്തിലെ അടിസ്ഥാനതത്വത്തെ അനുഗമിക്കാനായി 'വിശുദ്ധ പശു' തത്വത്തെ സ്വീകരിച്ചിട്ട് അധികനാളായിട്ടില്ല. ഹിംസ എന്ന ബ്രാഹ്മണ്യ കാഴ്ച്ചപ്പാട് മുതലാളിത്തത്തിലും ഫാസിസത്തിലും പ്രകൃതിയെയും മൊത്തം മനുഷ്യനേയും നശിപ്പിക്കുന്നവർ വൈശിഷ്ഠ്യ അഹിംസാതത്വം കൊണ്ട് നടക്കുന്നത് മേൽ സൂചിപ്പിച്ച ഒരു വൈരുദ്ധ്യാത്മകതയുടെ വകഭേദം മാത്രമാണ്. പ്രകൃതിയുമായി ബന്ധപ്പെട്ട എല്ലാ സമൂഹങ്ങളും തിന്നുകയും വളർത്തുകയും തീറ്റപ്പെടുകയും എന്ന തത്വത്തിലധിഷ്ഠിതമായിത്തന്നെയാണ് നിലക്കൊള്ളുന്നത്. സമ്പന്ന മുതലാളിത്ത ജീവിതചര്യയുള്ള ഒരാൾ അയാൾ സസ്യഹാരി ആയാൽപ്പോലും അയാളുടെ ജീവിതത്തിൽ ഒരു വലിയ ആവാസവ്യവസ്ഥാ സമൂഹം ആഹരിച്ചിരുന്നതിനേക്കാൾ കൂടുതൽ ഭക്ഷണവും വിഭവങ്ങളും ആഹരിക്കുകയും മലിനമാക്കുകയും ചെയ്യും. അത് മാത്രമല്ല പശുവിന്റെ കുഞ്ഞിന് അവകാശപ്പെട്ട പാൽ ഉപയോഗിക്കുന്നത് ഹിംസയല്ലേ? നാം കഴിക്കുന്ന ഓരോ അരിമണിയും പുതുവിളയാകാൻ അവകാശമുള്ള ഭ്രൂണങ്ങളല്ലേ?

ലോകത്തിലെ വലിയൊരു വിഭാഗം വരുന്ന ആവാസവ്യസ്ഥാ മനുഷ്യരിലൂടെയാണ് യഥാർത്ഥത്തിൽ പ്രകൃതി സംരക്ഷണം സാധ്യമാകുന്നത്. പല മാനങ്ങളിലൂടെ പ്രകൃതിയുമായി ദൈനംദിനം ബന്ധപ്പെടുന്നത് കൊണ്ട് തന്നെ പ്രകൃതി-ആവാസവ്യവസ്ഥ നിയമങ്ങൾക്ക് വിരുദ്ധമായി ആ വ്യക്തിക്ക് മുന്നോട്ട് പോകാൻ കഴിയില്ല. ഇത് പലപ്പോഴും സാമൂഹികമായ ബന്ധങ്ങളുടെയും ആവാസവ്യവസ്ഥാ ബന്ധങ്ങളുടെയും ആവാസവ്യവസ്ഥാ ഊർജ്ജലഭ്യതയേയും വിതരണത്തേയും ആശ്രയിച്ചിരിക്കുന്നു. പ്രായോഗികമായി ഇത് പല പരമ്പരാഗത അറിവുകളിലും വിശ്വാസങ്ങളിലും പെരുമാറ്റചട്ടങ്ങളിലും അധിഷ്ഠിതമായിരിക്കുകയും ചെയ്യുന്നു. ഉദാഹരണമായി ഒരു പരിസ്ഥിതി ചിന്തകൻ അദ്ദേഹത്തിന്റെ ചിന്തയിൽ, ആശയങ്ങളിൽ അത്യധികം പാരിസ്ഥിതികബോധം ഉള്ളയാളായിരിക്കും. എന്നാൽ ജീവിക്കുന്നത് ഒരു മുതലാളിത്ത, പണാധിഷ്ഠിത ആധുനികവ്യവസ്ഥയിലാണെങ്കിൽ പ്രായോഗികതയിൽ അയാൾ വളരെയധികം കാർബൺ പുറംതള്ളുന്ന അഥവാ മാലിന്യമുണ്ടാക്കുന്ന വിഭവങ്ങൾ ധൂർത്തടിക്കുന്ന ഒരു ജീവിതശൈലിയുടെ ഭാഗം തന്നെയാണ്. എന്നാൽ പരിസ്ഥിതി-ആവാസവ്യവസ്ഥ എന്നത് വാക്ക് കേൾക്കുകപോലും ചെയ്യാത്ത ആദിവാസിയോ മുക്കുവരോ ജീവിക്കുന്നത് ആവാസവ്യവസ്ഥാ സമൂഹത്തിന് നേരിട്ടാശ്രയിച്ചു കൊണ്ടാണെന്നതിനാൽ പ്രായോഗികമായി വളരെ കുറവ് മാത്രം ഊർജ്ജനാശവും കാർബൺ വികിരണവും കൊണ്ടായിരിക്കും. അവരാണ് യഥാർത്ഥ പ്രകൃതി സംരക്ഷകർ.

പ്രകൃതിയിലെ കാർബൺ, ജലം, മൂലകങ്ങൾ എന്നിവ സംഭരിച്ച് ഊർജ്ജോൽപ്പാദനവും ശുദ്ധവായു നൽകുന്ന കാട്, കടൽ അടക്കമുള്ള ആവാസവ്യവസ്ഥകളിലെ സസ്യജന്തുജാലങ്ങളെ നശിപ്പിക്കുകയോ (വെട്ടിമാറ്റുകയോ മലിനീകരിക്കുകയോ) ചെയ്യുമ്പോൾ ഉണ്ടാക്കുന്ന നഷ്ടം പോലെത്തന്നെയാണ് പ്രകൃതിപരമായി ജീവിതം നയി

ക്കുന്ന ആവാസവ്യവസ്ഥാ മനുഷ്യരെ കേവല മുതലാളിത്ത വ്യവസ്ഥയുടെ അടിമകളായ മുഖ്യധാരാ മനുഷ്യരാക്കിയ പ്രവൃത്തി. ഇന്ന് കൊട്ടിഘോഷിക്കുന്ന ഇക്കോടൂറിസം പോലും യഥാർത്ഥ ഉല്പ്പാദനപ്രക്രിയകളിൽ ഏർപ്പെട്ടിരിക്കുന്ന ആവാസവ്യവസ്ഥാ സമൂഹങ്ങളെ പണത്തെ മാത്രം ആശ്രയിക്കുന്ന ടൂറിസം തൊഴിലാളികളാക്കി മാറ്റികൊണ്ടിരിക്കുന്നു. ആഗോള കാലാവസ്ഥാവ്യതിയാന നിർവ്യാപന കരാർ പ്രകാരം ആഗോളതാപനം തടയാനായി ചെയ്ത പ്രവൃത്തികളുടെ ഗുണഫലം കുറച്ച് പൊതുബോധം സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതു മാത്രമാണെന്ന് രേഖപ്പെടുത്തുമ്പോൾ അതിനുള്ള വിമാനയാത്രയുടെ ഭാഗം മാത്രമായി ഉണ്ടായ കാർബൺ ബഹിർഗമനം ഏകദേശം നീലഗിരി ജൈവവൈവിദ്ധ്യ കേന്ദ്രത്തിലെ മൊത്തം വനങ്ങൾ നശിക്കുന്നതിന് തുല്യമാണ് എന്നതാണ് വസ്തുത.

## വികസന ബോധനം

പൊതുബോധം ഏപ്പോഴും ഉയർത്തുന്ന ഒരു ചോദ്യം 'ആദിവാസികൾക്കും വികസിക്കണ്ടേ?' എന്നതാണ്. മാനുഷികമായും സാമൂഹികമായും സാമ്പത്തികമായും പാരിസ്ഥിതികമായും വ്യക്തിക്കോ സമൂഹത്തിനോ ഉണ്ടാകേണ്ട 'പുരോഗതി'യെ ഈ 'വികസന' പൊതുബോധം പ്രതിനിധാനം ചെയ്യുന്നുണ്ടോ? അതോ അത് മനുഷ്യനെ സാമൂഹിക ജീവിതത്തിൽ നിന്ന് കമ്പോള സംസ്കാരത്തിന്റെ സ്വകാര്യ വ്യക്തികളിലേക്ക് ചുരുക്കി, അടിസ്ഥാന വിഭവങ്ങളിലുള്ള അവകാശവും അധികാരവും കുത്തകകൾക്ക് വിട്ടുകൊടുത്ത്, പണത്തിന് വേണ്ടി പരക്കം പായുന്ന മുതലാളിത്തത്തിന്റെ അടിമകളാക്കി മാറ്റുകയല്ലേ? അതുപോലെ തന്നെ ആവാസവ്യവസ്ഥ മനുഷ്യർക്ക് വിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവും സാധ്യമല്ലേ? ഒരു കുട്ടി ചോദിച്ചതുപോലെ പല്ലുതേക്കാനും കുളിക്കാനുമുള്ള സാമഗ്രികൾ വിൽക്കാൻ ഇത്രയധികം പരസ്യങ്ങൾ എന്തിനാണ്? ഇതില്ലെങ്കിൽ ആരും കുളിക്കുകയും പല്ലുതേക്കുകയുമില്ലേ? ഇത് യഥാർത്ഥത്തിൽ ആടിനെ പട്ടിയാക്കൽ തന്നെയല്ലേ? ഇതിലൂടെ നമുക്ക് നഷ്ടമായത് നമ്മുടെ സ്വപ്നം കാണാനുള്ള സ്വാതന്ത്ര്യം തന്നെയല്ലേ.

ബ്രിട്ടീഷ് കാലഘട്ടത്തിലെ ഇന്ത്യൻ വനനിയമങ്ങളും ഭൂമിയേറ്റെടുക്കൽ നിയമം തുടങ്ങി നിലനിന്നിരുന്ന നിയമങ്ങളെല്ലാം ആവാസവ്യവസ്ഥാ വിഭവങ്ങൾ പരിപാലനത്തിനു സ്ഥായിയായി ഉപയോഗിക്കുന്നതിനുള്ള അവകാശത്തേയും ഒഴിവാക്കുകയാണ് ചെയ്യുന്നത്. സ്വാതന്ത്ര്യാനന്തരവും ഇതുതന്നെ തുടർന്നു. 1860 നും 1960 നും ഇടയിൽ ഇന്ത്യയിലെ 35 ശതമാനം വനങ്ങളാണ് ഏകവിളത്തോട്ടത്തിനും വ്യവസായ ആവശ്യങ്ങൾക്കും പൂർണ്ണമായും നശിപ്പിക്കപ്പെട്ടത്. 1950–70 നും ഇടയിലാണ് ഏറ്റവും അധികം ഏകവിളവനത്തോട്ടങ്ങൾ വന്നത്. 13.7 ലക്ഷം ഹെക്ടർ വനമാണ് 1980–2012 കാലയളവിൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയം കൈമാറ്റം ചെയ്തത് (62301 ഹെക്ടർ പ്രതിവർഷം). വ്യാപകമായ തോതിൽ വ്യവസായാവശ്യങ്ങൾക്ക് വനത്തിലെ വന്മരങ്ങളെല്ലാം മുറിച്ചുമാറ്റപ്പെട്ടു. ഇന്ന് പശ്ചിമഘട്ടത്തിലെ നിലവിലുള്ള വനങ്ങളിൽ കേവലം 10 ശതമാനം മാത്രമാണ് ഒട്ടും തന്നെ വെട്ടിനശിപ്പിക്കാത്ത വനങ്ങൾ. 1980 ലെ വന സംരക്ഷണ നിയമം വന്ന് വനത്തെ കൈമാറാനുള്ള അവകാശം സംസ്ഥാന സർക്കാരിൽ നിന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേക്ക് കൈമാറിയിട്ടും, 1972 വന്യജീവി നിയമവും സംരക്ഷിത വനപ്രദേശങ്ങളും നിലവിൽ പ്രതിവർഷം 40000 ഹെക്ടറിലധികം വനഭൂമി കോർപ്പറേറ്റുകൾക്ക് മൈനിംഗിനും മറ്റുമായി കൈമാറ്റം ചെയ്തു. ഇന്നും സന്നിഗ്ധ കടുവാ സംരക്ഷണ കേന്ദ്രങ്ങളും ദേശീയോദ്യാനങ്ങളും വരെ 'വികസനം' എന്ന പേരിൽ കുത്തകകൾക്ക് കൈമാറുന്നു. ഈ കാലമത്രയും സ്വയം ശേഖരിക്കുന്ന വനവിഭവങ്ങൾ സ്വന്തമായി വിൽക്കാൻ പോലും അവകാശികളില്ലാതെ ആദിവാസികൾ സ്വതന്ത്ര ഇന്ത്യയിൽ ചരിത്രപരമായി അനീതി നേരിടുന്നു. ഈ പശ്ചാതലത്തിലാണ് വനാവകാശ നിയമം 2006 ൽ നിലവിൽ വരുന്നത്. ഒറീസ്സയിലെ നിയാമഗിരി മലനിരകൾ, പ്രധാനപ്പെട്ട വനപ്രദേശങ്ങൾ സംരക്ഷണ മേഖലകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഗ്രാമസഭകൾ വനാവകാശം നിയമപരമായി നേടിയെടുക്കുന്നു. കുത്തകകളെല്ലാം സർക്കാർ സംവിധാനങ്ങളുമായി ചേർന്ന് അവരുടെ അവകാശങ്ങൾക്കും നിയമത്തിനും എതിരായും നിൽക്കുന്നു.

ഈ പറയുന്ന നാശം ഒന്നും തന്നെ ആദിവാസി കൃഷി ചെയ്തതു കൊണ്ടോ വിറക് ഒടിച്ചതുകൊണ്ടോ സംഭവിക്കുന്നതല്ല. മറിച്ച് വികസനമെന്നും സംരക്ഷണമെന്നും തെറ്റായ രാഷ്ട്രീയ പൊതുബോധനം നടത്തിയ കുത്തക-ആധുനിക സാമ്പത്തിക ശക്തികൾ തന്നെയാണ് ഭരണക്കൂട ഉദ്യോഗസ്ഥ മതപ്രാമാണിത്വത്തിലൂടെ ലോകത്ത് ഹിംസ വിതച്ചത്. യഥാർത്ഥത്തിൽ ആദിവാസി വിറകൊടിക്കുന്നതും കൃഷിചെയ്യുന്നതും ഒരു ആനക്കൂട്ടം കാട്ടിൽ കൂടി കടന്ന് പോകുന്നതും കടുവ വേറൊരു ജീവിയെ ആഹരിക്കുന്നതും ഒന്നു പോലെയാണ്. കേരളത്തിലെ ഒരു വനവും ഇത്തരത്തിൽ ആദിവാസി ജീവിച്ചിരുന്നത് കൊണ്ടോ ആന കടന്നുപോയത് കൊണ്ടോ നശിച്ചതല്ല. ഒരു ദീർഘസമയാടിസ്ഥാനത്തിൽ പറയാൻ കഴിയില്ലായെങ്കിലും ആവാസവ്യവസ്ഥയിലെ ചലനാത്മകതയേയും വൈവിദ്ധ്യത്തേയും പരിപോഷിപ്പിക്കുകയാണ് അവർ ചെയ്തു കൊണ്ടിരിക്കുന്നത് എന്ന് കാണാം. എന്നാൽ ഭരണകൂടം മുതലാളിത്ത താത്പര്യങ്ങൾക്കായി നശിപ്പിച്ച വനത്തിനും മറ്റു ആവാസവ്യവസ്ഥക്കുള്ള കണക്കുകളില്ല.

ആവാസവ്യവസ്ഥാ മനുഷ്യരെ (സമൂഹങ്ങളെ) പ്രകൃതിയുമായുള്ള ജൈവബന്ധങ്ങളിൽ നിന്ന് അടർത്തിമാറ്റി വികസനത്തിന്റെ കൂലിത്തൊഴിലാളികളും അഭയാർത്ഥികളുമായി മാറ്റുന്നതിലൂടെ, ജൈവവൈവിദ്ധ്യത്തിന്റെയും സാമ്പത്തിക ജീവനസമ്പ്രദായ വൈവിദ്ധ്യങ്ങളുടെയും സാധ്യതകൾ ഇല്ലായ്മ ചെയ്ത് പ്രകൃതിസംരക്ഷണത്തിനെ പിറകോട്ടടിക്കുകയാണ് നാം ഇന്ന് ചെയ്യുന്നത്. യഥാർത്ഥ പ്രകൃതി സംരക്ഷകരായ ആവാസവ്യവസ്ഥാ സമൂഹങ്ങളാണ് ഇന്നും പ്രകൃതി സമ്പത്ത് സംരക്ഷിക്കുന്നതും പരിസ്ഥിതി ദ്രോഹികൾ ഉയർത്തുന്ന ഭീഷണിക്കെതിരെ പ്രതികരിക്കുന്നതും ശബ്ദമുയർത്തുന്നതും. ഇവരെ സംരക്ഷിക്കുക എന്നതാണ് പ്രാഥമികമായ പ്രകൃതി സംരക്ഷണ കർത്തവ്യം. അതിനായി യഥാർത്ഥ പുരോഗതിയിലേക്കും സാങ്കേതികതയിലേക്കും പ്രകൃതിയിലധിഷ്ഠിതമായ വിഭവ-പരിപാലന ജീവിതക്രമത്തിലേക്കും അതിന്റെ യഥാർത്ഥ രാഷ്ട്രീയത്തിലേക്കും വെളിച്ചം വീശുന്ന ബോധവും ബോധനവും പുനസൃഷ്ടിക്കേണ്ടതുണ്ട്.■